പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3016** 07.11.2019-ൽ മറുപടിക്ക്

**കരുവാറ്റക്കടവ് പാലം നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഉണ്ണികുളം, താമരശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കരുവാറ്റക്കടവ് പാലം നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ.ന് അനുമതി നൽകുന്നതിൽ തടസ്സം എന്താണെന്നറിയിക്കാമോ;<br>(സി) കരുവാറ്റക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) യും (സി) യും 14.08.2009-ൽ ഈ പാലത്തിന്റെ നിർമ്മാണത്തിനായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രൈസ് നം.RD/2016/5287 ആയി 200 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ചെങ്കിലും പ്രസ്തുത ഹെഡ് നിർത്തലാക്കിയതിനെ തുടർന്ന് ഭരണാനുമതി ലഭ്യമായിട്ടില്ല. ഈ പാലത്തിന്റെ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടിയിരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമായാൽ ഭരണാനുമതിക്കായി ഡി.പി.ആർ തയ്യാറാക്കുവാൻ കഴിയും. ഈ പ്രവൃത്തിയുടെ വിശദമായ ഇൻവെസ്റ്റിഗേഷന് 2,30,000/- രൂപയുടെ ഭരണാനുമതി 31.01.2019-ൽ നൽകിയിട്ടുണ്ട്. ആയത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ